XUIA

COMMISSIONERATE OF
EXCISE
0 1 ...
RECEIVED

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

നികുതി വകുപ്പ് -എക്സൈസ് -ഭരണപരം -ട്രാക്ക് ആൻഡ് ട്രേസ് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി, ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് അനുവദിയ്ക്കുന്നതിനുള്ള ബാക്കി തുക 2024-2025 സാമ്പത്തിക വർഷത്തെ 2039-00-001-84-PV എന്ന ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി(എഫ് )വകുപ്പ്

സ.ഉ.(സാധാ) നം.884/2024/TAXES തീയതി,തിരുവനന്തപുരം, 30-09-2024

പരാമർശം:-
1. സ.ഉ (സാധാ)നം.48/2023/നികുതി തീയതി 18.01.2023.
2. സ.ഉ (സാധാ)നം.55/2024/നികുതി തീയതി 17.01.2024.
3. എക്സൈസ് കമ്മീഷണറുടെ 23.07.2024 ലെ ഇ.എക്സ്.സി/3895/2022 -എക്സ്.ജി1 എ നമ്പർ കത്ത്.

**ഉത്തരവ്**

കള്ള് ഷാപ്പുകളുടെ ഓൺലൈൻ വില്പനക്കായുള്ള ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുടെ പ്രൊപ്പോസലിന് പരാമർശം (1) പ്രകാരവും, ആയതിന് ചെലവ് വരുന്ന 23,50,000/- (നികുതിയടക്കം) രൂപ 2039-00-001-84-PV എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് പരാമർശം (2) പ്രകാരവും അനുമതി നൽകിയിരുന്നു.

2.മേൽ പദ്ധതി ചെലവിൽ 50% തുക മുൻകൂറായി നൽകുന്നതിനും ബാലൻസ് തുക ആപ്ലിക്കേഷൻ പൂർത്തിയായ ശേഷം നൽകുന്നതിനുമാണ് വ്യവസ്ഥ ചെയ്തിരുന്നത്. ആയതിൻപ്രകാരം മേൽ തുകയിൽ നിന്നും GST യും ഒരു വർഷത്തെ Post Live Application Support Charge ഉം കുറച്ച ശേഷമുള്ള തുകയുടെ 50% തുകയായ 9,73,500/- രൂപ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള-ക്ക് മുൻകൂറായി അനുവദിച്ചിട്ടുള്ളതാണെന്നും,പ്രൊപ്പോസൽ പ്രകാരമുള്ള ആപ്ലിക്കേഷൻ പൂർത്തിയാക്കി ബാലൻസ് തുക അനുവദിക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും പ്രൊപ്പോസൽ പ്രകാരം, ആപ്ലിക്കേഷന്റെ സെക്യൂരിറ്റി ആഡിറ്റ് ചാർജ്ജിനത്തിൽ ഉൾപ്പെടുത്തിയിരുന്നത് 2 ലക്ഷം രൂപയും അതിന്റെ 18 % നികുതിയുമായിരുന്നുവെന്നും, എന്നാൽ ടി ഇനത്തിൽ നികുതിയടക്കം ചെലവായിട്ടുള്ളത് 1,23,900/- രൂപയാണെന്നും, തന്മൂലം പ്രപ്പോസൽ തുക 22,36,100/- രൂപയായി കുറഞ്ഞിട്ടുള്ളതാണെന്നും, മേൽ തുകയിൽ നിന്നും ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളക്ക് മുൻകൂറായി അനുവദിച്ചിട്ടുള്ള 9,73,500/- രൂപ കുറച്ച ശേഷം നൽകാനുള്ള ബാലൻസ് തുക 12,62,600/- (നികുതിയടക്കം) രൂപയാണെന്നും, ആയതിനാൽ ടി തുക അനുവദിയ്ക്കുന്നതിലേയ്ക്കായി, കള്ള് ഷാപ്പുകളുടെ ഓൺലൈൻ വില്പനയ്ക്കായുള്ള പദ്ധതി ചെലവ് 22,36,100/- രൂപയായി പുന:നിർണയിച്ച്, പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക്

അനുവദിയ്ക്കുന്നതിനുള്ള ബാക്കി തുക 12,62,600/- (പന്ത്രണ്ട് ലക്ഷത്തി അറുപത്തി രണ്ടായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപയായി നിശ്ചയിച്ചും ആയത് നടപ്പ് സാമ്പത്തികവർഷത്തെ 2039-00-001-84-PV എന്ന ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിയ്ക്കുന്നതിനും ഉള്ള പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി പരാമർശം (3) പ്രകാരം എക്സൈസ് കമ്മീഷണർ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3.സർക്കാർ പരാമർശം (3) പ്രകാരമുള്ള അപേക്ഷ വിശദമായി പരിശോധിച്ചു. ട്രാക്ക് ആൻഡ് ട്രേസ് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി, ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് അനുവദിയ്ക്കുന്നതിനുള്ള ബാക്കി തുക 12,62,600/- (പന്ത്രണ്ട് ലക്ഷത്തി അറുപത്തി രണ്ടായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപയായി നിശ്ചയിച്ച്, ടി തുക 2024-2025 സാമ്പത്തിക വർഷത്തെ 2039-00-001-84-PV എന്ന ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച് നൽകുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD M V

ജോയിന്റ് സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം.

2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് -ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.

3.ധനകാര്യ വകുപ്പ് (2246255-EXP-B1/598/2022-FIN dated 30.09.2024).

4.വെബ്&ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).

5.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Reese. V. A

Date: 30-09-2024 16:30:26

സെക്ഷൻ ഓഫീസർ